'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ശുചിത്വ മിഷൻ- ജീവനക്കാര്യം- വയനാട് ജില്ലാ ശുചിത്വ മിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (SWM), അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (IEC) എന്നീ തസ്തികകളിൽ ജോലി നോക്കുന്ന ശ്രീ. എ.കെ.രാജേഷ്, ശ്രീ.എം.പി.രാജേന്ദ്രൻ എന്നിവരുടെ അന്യത്ര സേവന കാലയളവ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2335/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/10/2019

---

പരാമർശം:- 1) 10.05.2013 തീയതിയിലെ 42/2013/ധന. നം. സർക്കുലർ

2) 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/ധന ഉത്തരവ്

3) 31.08.2017 തീയതിയിലെ സഉ (സാധാ) നം.2971/2017/ത.സ്വ.ഭ.വ നം. ഉത്തരവ്

4) 05.01.2019 തീയതിയിലെ സ.ഉ (സാധാ) നം. 34/2019/ത.സ്വ.ഭ.വ നം. ഉത്തരവ്

5) 23.06.2019 ലെ സ . ഉ .(കൈ) നം .72/2019/ ത . സ്വ . ഭ . വ

6) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 41.10.2019 തീയ്യതിയിലെ

3052/ബി/2018/എസ്.എം. നം. കത്ത്.

ഉത്തരവ്

കൽപ്പറ്റ നഗരസഭയിലെ ഓവർസീയർ ഗ്രേഡ്-III ആയ ശ്രീ. എ.കെ.രാജേഷ്, കൽപ്പറ്റ ബ്ലോക്കിലെ എക്സ്റ്റെൻഷൻ ഓഫീസറായ ശ്രീ.എം.പി.രാജേന്ദ്രൻ എന്നിവരെ വയനാട് ജില്ലാ ശുചിത്വ മിഷനിൽ യഥാക്രമം അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (SWM), അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (IEC) എന്നീ തസ്തികകളിൽ പരാമർശം 3 ഉത്തരവ് പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിക്കുകയും തുടർന്ന് ഇവരുടെ സേവനം പരാമർശം 4 പ്രകാരം 28.09.2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചും ഉത്തരവായിരുന്നു. പ്രസ്തുത സേവന കാലാവധി 28.09.2019 ൽ അവസാനിച്ചതിനാൽ ഇവരുടെ അന്യത്ര സേവനം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കണമെന്ന് പരാമർശം 6 കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൽപ്പറ്റ നഗരസഭയിലെ ഓവർസീയർ ഗ്രേഡ് -II ആയ ശ്രീ. എ.കെ.രാജേഷ്, ഗ്രാമ വികസന വകുപ്പിലെ എക്സ്റ്റെൻഷൻ ഓഫീസറായ ശ്രീ.എം.പി.രാജേന്ദ്രൻ എന്നിവരുടെ വയനാട് ജില്ലാ ശുചിത്വ മിഷനിൽ യഥാക്രമം അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (SWM), അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (IEC) എന്നീ തസ്തികകളിലെ അന്യത്ര സേവന കാലയളവ് കേരള സർവ്വീസ് റൂൾ ഭാഗം 1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി 28.09.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തികൾക്ക് ( എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ